Series : X4YZW

SET ~ 4

Roll No.

Q.P. Code **70**

Candidates must write the Q.P. Code on the title page of the answer-book.

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 80*

*Time allowed : 3 hours* | *Maximum Marks : 80*

| **നിർദേശങ്ങൾ / NOTE** | # |
|---|---|
| (I) | ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.<br>Please check that this question paper contains **15** printed pages. |
| (II) | പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.<br>Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate. |
| (III) | ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.<br>Please check that this question paper contains **9** questions. |
| (IV) | **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ തന്നിട്ടുള്ള ഇടങ്ങളിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**<br>**Please write down the Serial Number of the question in the answer-book at the given place before attempting it.** |
| (V) | ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.<br>15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the candidates will read the question paper only and will not write any answer on the answer-book during this period. |

**General Instructions :**

(i) *This question paper is divided into **three** sections.*

(ii) *It has total **9** questions.*

(iii) ***Section A :** 3 questions no. 1 to 3.*

(iv) ***Section B :** 3 questions no. 4 to 6.*

(v) ***Section C :** 3 questions no. 7 to 9.*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

**പൊതു നിർദ്ദേശങ്ങൾ :**

(i) *ചോദ്യപേപ്പർ **3** വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.*

(ii) *ചോദ്യപേപ്പറിൽ ആകെ **9** ചോദ്യങ്ങൾ ഉണ്ട്.*

(iii) ***എ** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 1 മുതൽ 3 വരെ.*

(iv) ***ബി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 4 മുതൽ 6 വരെ.*

(v) ***സി** വിഭാഗത്തിൽ 3 ചോദ്യങ്ങൾ – ചോദ്യനമ്പർ 7 മുതൽ 9 വരെ.*

*തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.*

*ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.*

## എ വിഭാഗം / SECTION A

**1.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് മാത്രം ശരിയുത്തരം എടുത്തെഴുതുക : *5×1=5*

(i) 'പുരളുന്നെന്നു തോന്നുന്നു -
ണ്ടിരുളിന്നംഗകങ്ങളിൽ' - ഈ വരികൾ ഏത്
ഉൽപ്രേക്ഷാവിഭാഗത്തിൽ പെടുന്നു ?

(A) ധർമ്മ്യുൽപ്രേക്ഷ (B) ധർമ്മോൽപ്രേക്ഷ

(C) ഫലോൽപ്രേക്ഷ (D) ഗമ്യോൽപ്രേക്ഷ

(ii) ഭാഷാഭൂഷണകാരനായ എ.ആർ. രാജരാജവർമ്മ മറ്റേതുപേരിലാണ് അറിയപ്പെടുന്നത് ?

(A) കേരളപാണിനി

(B) കേരളകാളിദാസൻ

(C) കേരളീയൻ

(D) കേരളവർമ്മൻ

(iii) ധർമ്മ്യുൽപ്രേക്ഷയിൽ പ്രാധാന്യമുള്ള ഘടകം ഏതാണ് ?

(A) കാരണം

(B) ഫലം

(C) ക്രിയ

(D) വസ്തു

(iv) 'ഉൽപ്രേക്ഷിക്കുക' എന്ന പദം നൽകുന്ന സൂചനയെന്ത് ?

(A) അതിശയം

(B) സംയോഗം

(C) വിയോഗം

(D) ഊഹം

(v) അവർണ്യം എന്നാൽ എന്താണ് ?

(A) ഉപമിതം

(B) ഉപമേയം

(C) ഉപമാനം

(D) വാസ്തവം

(vi) കാരണത്തിന് പ്രാധാന്യമുള്ള ഉൽപ്രേക്ഷ വിഭാഗമേത് ?

(A) ഗമ്യോൽപ്രേക്ഷ

(B) ഹേതുൽപ്രേക്ഷ

(C) ഫലോൽപ്രേക്ഷ

(D) ധർമ്മോൽപ്രേക്ഷ

(vii) ഉപമാനത്തിലും ഉപമേയത്തിലും ഒരുപോലെ കാണുന്ന ഘടകം ഏത് ?

(A) ഉപമാവാചകം

(B) വർണ്യം

(C) അവർണ്യം

(D) സാധാരണ ധർമ്മം

**2.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക. (ഓരോന്നിനും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്. ഓരോ ഉപചോദ്യത്തിനും ഓരോ മാർക്ക് വിതം) *5×2=10*

(a) (i) 'ദൈവദശകം' ആരെഴുതിയ കൃതിയാണ് ?

(A) ശ്രീനാരായണഗുരു

(B) കുമാരനാശാൻ

(C) വള്ളത്തോൾ

(D) ഒ.എൻ.വി. കുറുപ്പ്

(ii) എഴുത്തച്ഛന്റെ കവിതയിലെ പ്രധാന ഭാവം എന്ത് ?

(A) ശൃംഗാരം (B) വീരം

(C) ഭക്തി (D) ശാന്തത

(b) (i) "അവമർദ്ദനംതുടങ്ങി" - എന്താണ് മർദ്ദിച്ചത് ?

(A) അന്നാദികൾ

(B) നീരം

(C) ഘോരദഹനൻ

(D) പൂനിര

(ii) അപ്പോൾ അവയ്ക്ക് എന്ത് മാറ്റം സംഭവിച്ചു ?

(A) കുംഭത്തിൽ നിറഞ്ഞു

(B) സംഭരിച്ചു തുടങ്ങി

(C) അവ വിളങ്ങി

(D) ഉദാരമായ് കത്തി

(c) (i) "കാലേ കുളിച്ചാലോ വേശിയാട്ടം കാലത്തെണീക്കാഞ്ഞാൽ കള്ളനാട്യം" ആരെഴുതിയ വരികളാണ് ഇത് ?

(A) കുഞ്ചൻ നമ്പ്യാർ

(B) ഇടശ്ശേരി

(C) പൂന്താനം

(D) വൈലോപ്പിള്ളി

(ii) ഉഗ്രതപസ്സിന്റെ വംശം ഏതാണ് ?

(A) ഭൃഗുവംശം (B) രഘുവംശം

(C) സൂര്യവംശം (D) യാദവവംശം

(d) (i) ഒക്ടോവിയോ പാസിന്റെ ഒരു കൃതി കടമ്മനിട്ട രാമകൃഷ്ണൻ വിവർത്തനം ചെയ്തു. കൃതി ഏത് ?

(A) ഇന്ത്യയുടെ പ്രകാശത്തിൽ

(B) നീലപൂച്ചെണ്ട്

(C) രണ്ട് ഉദ്യാനങ്ങളുടെ കഥ

(D) സൂര്യശില

(ii) കടമ്മനിട്ട രാമകൃഷ്ണന്റെ ഭാഷാശൈലിയുടെ പ്രത്യേകതയെന്ത് ?

(A) പച്ചമലയാളം

(B) ദ്രാവിഡവഴക്കം

(C) സംസ്കൃത ബഹുലം

(D) മണിപ്രവാളം

(e) (i) ആരുടെ സാരഥിയായാണ് ബാഹുകൻ വന്നത് ?

(A) ഋതുപർണന്റെ

(B) ഭീമരാജന്റെ

(C) നിഷധരാജാവിന്റെ

(D) പുഷ്കരന്റെ

(ii) നളചരിതം എത്രാം ദിവസത്തിലാണ് 'കേശിനീമൊഴി' എന്ന പാഠഭാഗം ഉള്ളത് ?

(A) ഒന്നാം ദിവസം

(B) മൂന്നാം ദിവസം

(C) നാലാം ദിവസം

(D) രണ്ടാം ദിവസം

(f) (i) ഈറ്റപ്പുലി മുരളും കണ്ണിൽ ഊറിയടർന്നതെന്ത് ?

(A) തീത്തുള്ളി

(B) കനിവ്

(C) കണ്ണീർ

(D) നിണം

(ii) കാട്ടാളനിൽ എന്തിന്റെ തിരമാലകളാണ് ചീറിയലച്ചത് ?

(A) കളമെഴുത്തിന്റെ താളം

(B) ചുരമാന്തിയെഴുന്ന കരുത്ത്

(C) നിറമാലതൻ വർണം

(D) അലകടലിൻ വേര്

**3.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങളുടെ ശരിയായ ഉത്തരം എഴുതുക. (ഓരോന്നിനും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്. ഓരോ ഉപചോദ്യത്തിനും ഓരോ മാർക്ക് വീതം) *5×2=10*

(a) (i) ആൺഗൗളിയുടെ കണ്ണുകളിൽ മുറിഞ്ഞുവീണ വാൽ പോലെ പിടഞ്ഞതെന്ത് ?

(A) പോയ ജന്മത്തിന്റെ ഓർമ്മ

(B) അഭിമാനബോധം

(C) ആത്മനിന്ദ

(D) യുവാവിനോടുള്ള കാരുണ്യം

(ii) ഈ കഥ ഏത് കഥാസമാഹാരത്തിൽ നിന്നെടുത്തതാണ് ?

(A) നരകവാതിൽ

(B) ഭ്രാന്തൻ പൂക്കൾ

(C) ഏഴ് പെൺകഥകൾ

(D) രണ്ട് സ്വപ്നദർശികൾ

(b) (i) "ഒരുകൂട്ടച്ചിരികൾക്കിടയിൽ അവർ പരസ്പരം നോക്കി" - ആര് ?

(A) വഴിയാത്രക്കാർ

(B) കുട്ടികൾ

(C) ജനങ്ങൾ

(D) കച്ചവടക്കാർ

(ii) "ആരും കണക്കെടുത്തിട്ടില്ലെന്നുമാത്രമറിയാം" - എന്തിന്റെ കണക്ക് ?

(A) ദീപങ്ങളുടെ

(B) ഛായാപടങ്ങളുടെ

(C) കടകളുടെ

(D) തെരുവിന്റെ

(c) (i) "അവളുടെ ഇനിയുള്ള ജീവിതത്തെക്കുറിച്ചറിയാൻ എനിക്ക് വളരെ മോഹമുണ്ട്" - ആർക്ക് ?

(A) സന്ദർശകയ്ക്ക്

(B) ആരതിക്ക്

(C) ആൺഗൗളിക്ക്

(D) പെൺഗൗളിക്ക്

(ii) അതിനായി എന്ത് പ്രവൃത്തിയാണ് ചെയ്തത് ?

(A) കണ്ണടച്ചു ധ്യാനിച്ചു

(B) മുജ്ജന്മത്തിലേയ്ക്ക് എത്തിനോക്കി

(C) താഴെ ബാഗിലേയ്ക്ക് എടുത്തുചാടി

(D) മുറിയിലേക്ക് കടന്നുവന്നു

(d) (i) വി.കെ. ആദർശിന്റെ കൃതി ഏത് ?

(A) ഇന്റർനെറ്റ്

(B) വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിൽ

(C) മാധ്യമപഠനങ്ങൾ

(D) മലയാളത്തിലെ സൈബർ കഥകൾ

(ii) ഡിജിറ്റൽ കാലത്ത് പ്രധാന വെല്ലുവിളി നേരിടുന്നത് എന്താണ് ?

(A) സാമൂഹ്യ പ്രതിബദ്ധത

(B) സമൂഹസ്വാതന്ത്ര്യം

(C) വ്യക്തിസ്വാതന്ത്ര്യം

(D) വ്യക്തിസ്വകാര്യത

(e) (i) അയാൾ ആദ്യമായാണ് ആ ഭാഗത്തു വരുന്നതെന്ന് വിളിച്ചറിയിച്ചതെന്ത് ?

(A) കണ്ണിലെ ഭീതി

(B) മുഖത്തെ ക്ഷോഭം

(C) അപരിചിതമായ പകച്ചുനോട്ടം

(D) സന്തോഷംകൊണ്ട് വികസിച്ച മുഖം

(ii) ഈ കഥയുടെ രചനാ സങ്കേതം എന്ത് ?

(A) ഐറണി

(B) ക്ലാസ്സിസം

(C) കാല്പനികം

(D) ഫാന്റസി

(f) (i) സമാന ചിന്താഗതിയുള്ളവർക്ക് രമ്യപ്പെടാനും ഒരുമിച്ച് പ്രവർത്തിക്കാനുമുള്ള സാഹചര്യം ഒരുക്കുന്ന മാധ്യമമേത് ?

(A) ടെലിവിഷൻ

(B) റേഡിയോ

(C) സാമൂഹികസമ്പർക്കമാധ്യമങ്ങൾ

(D) പരമ്പരാഗത മാധ്യമങ്ങൾ

(ii) സാമൂഹികസമ്പർക്ക മാധ്യമങ്ങൾക്ക് ലഭിച്ച വിളിപ്പേര് എന്ത് ?

(A) ബ്ലോഗ്

(B) ഇന്റർനെറ്റ്

(C) ഫിഫ്ത്ത് എസ്റ്റേറ്റ്

(D) ട്വിറ്റർ

## ബി വിഭാഗം / SECTION B

4. ഖണ്ഡിക വായിച്ച് ചുവടെയുള്ള ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും ഒരോ മാർക്ക് വീതം. *10×1=10*

കാല്പനികത കവിയുടെ ആത്മാവിഷ്കാരമാണ് എന്ന സത്യം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കാല്പനികതയുടെ അതിപ്രസരത്തിൽ പലപ്പോഴും വിസ്മരിക്കപ്പെടുന്ന ഒന്നാണ് നൂറുശതമാനവും ആത്മനിഷ്ഠമായ കവിത എന്നൊന്നില്ല എന്ന സത്യം. കവിയുടേത് മാത്രമായ കവിത എന്നൊന്നില്ല. കവിതയിൽ സംവേദനം സാധ്യമാകുന്ന ഒരു തലം ഉണ്ടാകും. ആ തലമാണ് സാധാരണീകരണം

സാധ്യമാക്കുന്നത്. പ്രത്യക്ഷമായി ഭാഷയും പരോക്ഷമായി സംസ്കാരവുമാണ് ഈ തലം ഒരുക്കുക. വായനക്കാരൻ ഈ ഭാഷാതലത്തിൽ നിന്ന് തുടങ്ങി സംസ്കാരതലത്തിലെത്തുമ്പോഴാണ് കാവ്യാസ്വാദനം സാധിക്കുന്നത്. സമാനഹൃദയത്തിൽ കവിയുടെ രചന അനുരണനങ്ങൾ ഉണ്ടാക്കുന്നു. പലപ്പോഴും കവി അപൂർണ്ണമായിമാത്രം പറയുന്ന അസ്വസ്ഥതയും കവിയുടെ പിടയുന്ന മനസ്സും സഹൃദയൻ കണ്ടെത്തുന്നു. കവിയും വായനക്കാരനും എല്ലാം ജീവിക്കുന്ന സമൂഹത്തിന്റെ ചിത്രങ്ങൾ അവതരിപ്പിക്കുമ്പോഴാണ്, സംവേദനത്തിന്റെ പ്രശ്നം ആവിഷ്കാര ചാരുതയുടെ ഉരകല്ലായി മാറുന്നത്. കഥ പറയൽ കളിയല്ല. ചെറുകഥാരചന ചെറിയകാര്യവുമല്ല. പഴുത്തു തുടുത്ത മുന്തിരിപോലെയാണ് ചെറുകഥ എന്നാണ് പറയാറുള്ളത്. മുജ്ജന്മ വാസനയും ഏറെ നാളത്തെ ക്ലിഷ്ടമായ അഭ്യസനവുംകൊണ്ട് മാത്രം കൈവരിക്കാവുന്നതാണ് കഥ പറയുക എന്ന സിദ്ധി. 19-ാം നൂറ്റാണ്ട് അവസാനത്തോടെ കഥയെ സ്നേഹിച്ച കവിതകൾ ധാരാളമായി വരാൻ തുടങ്ങി. അവ എല്ലാംതന്നെ നിയോക്ലാസ്സിക് കാവ്യസങ്കല്പങ്ങൾ അനുസരിക്കുന്നവയായിരുന്നുതാനും. കവിതയ്ക്ക് ക്ലാസ്സിസത്തിന്റെയും നിയോ-ക്ലാസ്സിസത്തിന്റെയും സുദീർഘപാരമ്പര്യം ഉണ്ടായിരുന്നതു കൊണ്ടാവാം അന്നത്തെ കഥകളെക്കാൾ മികച്ചുനിന്നത് അന്നത്തെ കഥാകാവ്യങ്ങൾ ആയിരുന്നു. അവ സമകാലിക ജീവിതത്തിലല്ല പുരാണേതിഹാസങ്ങളിലാണ് മിക്കപ്പോഴും ബീജം തേടിപ്പോയത്. അതുകൊണ്ടുതന്നെ അപരിചിതത്വത്തിന്റെ ആനുകൂല്യം ആസ്വാദകപക്ഷത്തുനിന്നും നേടുവാൻ അവയിൽ സാധ്യത കുറവായിരുന്നു. ഇന്നത്തെ കവിതകളുമായി താരതമ്യപ്പെടുത്തിയാൽ

പലപ്പോഴും സംസ്കൃതപദങ്ങളോടുള്ള ആഭിമുഖ്യം അന്നത്തെ കാവ്യശൈലിയിൽ പ്രകടമാണ്. കാവ്യഭാഷയുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നത് സങ്കീർണ്ണവും അനുസ്യൂതവുമാണ് എന്നതുകൊണ്ട് ചർച്ചചെയ്യൽ വിഷമകരമാണ്. ലാളിത്യം ജീവിതത്തിലെന്നപോലെ ഭാഷാപ്രയോഗത്തിലും ആവശ്യമാണ്. എന്നാൽ കൃത്രിമമായി വരുത്തുന്ന ലാളിത്യം അരോചകവുമാണ്. അതുകൊണ്ട് ലാളിത്യം സ്വാഭാവികമായി വരണം. കാവ്യാത്മക ഗദ്യം എന്ന് പറയുമ്പോൾ ഗദ്യം അതിന്റെ സ്വാഭാവികത കൈവിട്ട് കവിതയോട് അടുക്കുന്നു എന്നാണർത്ഥം. അത് കൂടുതൽ താളബദ്ധവും ആകുന്നു. ഈ രൂപാന്തര പ്രാപ്തിയുടെ ഇടത്താവളങ്ങളാണ് പഴഞ്ചൊല്ലുകൾ.

**ചോദ്യങ്ങൾ :**

(i) കാല്പനികതയുടെ അതിപ്രസരത്തിൽ വിസ്മരിക്കപ്പെടുന്ന സത്യം എന്ത് ?

(ii) സാധാരണീകരണം സാധ്യമാക്കുന്നതെന്താണ് ?

(iii) എപ്പോഴാണ് കാവ്യാസ്വാദനം സാധിക്കുന്നത് ?

(iv) സംവേദനത്തിന്റെ പ്രശ്നം ആവിഷ്കാര ചാരുതയുടെ ഉരകല്ലായി മാറുന്നതെപ്പോൾ ?

(v) കഥപറയുക എന്ന സിദ്ധി കൈവരിക്കുന്നതെങ്ങനെയാണ് ?

(vi) 19-ാം നൂറ്റാണ്ടിൽ കഥകളേക്കാൾ കഥാകാവ്യങ്ങൾ മികച്ചുനിൽക്കാൻ കാരണമെന്താവാം ?

(vii) 19-ാം നൂറ്റാണ്ടിലെ കഥാകാവ്യങ്ങൾക്ക് ബീജം കണ്ടെത്തിയത് എവിടെ നിന്നാണ് ?

(viii) ഇന്നത്തെ കവിതകളുമായി താരതമ്യപ്പെടുത്തിയാൽ അന്നത്തെ കാവ്യശൈലിയുടെ പ്രത്യേകതയെന്താണ് ?

(ix) കാവ്യഭാഷയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നത് വിഷമകരമാവാൻ കാരണം എന്ത് ?

(x) ലാളിത്യം സ്വാഭാവികമായി വന്നു ചേരണമെന്ന് പറയാൻ കാരണം എന്ത് ?

(xi) കാവ്യാത്മകഗദ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(xii) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം തയ്യാറാക്കുക ?

**5.** ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. *5×3=15*

(i) "പോകവൈകാതെ, നിന്നെക്കാൺകയിലിച്ഛയില്ല" - ആരുടെ വാക്കുകളാണിത് ? സന്ദർഭം വിവരിക്കുക.

(ii) കാട്ടാളൻ മാഞ്ചോട്ടിൽ തലയാട്ടി നിന്നതെപ്പോഴാണ് ?

(iii) കാവ്യഭാഷയുടെ സവിശേഷത കൊണ്ട് വേറിട്ടുനിൽക്കുന്ന കൃതിയാണ് എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ട് - സമർത്ഥിക്കുക ?

(iv) കിരാതവൃത്തത്തിന്റെ അവസാനഭാഗത്ത് കാണുന്ന കാട്ടാളന്റെ പ്രത്യാശയെക്കുറിച്ച് എഴുതുക ?

(v) ബാഹുകൻ സ്വന്തം ഭർത്താവായ നളനാണെന്ന് ദമയന്തി തിരിച്ചറിഞ്ഞതെങ്ങനെ ?

(vi) 'കൊള്ളിവാക്കല്ലാതൊന്നും' എന്ന കവിത മുന്നോട്ടുവെയ്ക്കുന്ന സാമൂഹികാവസ്ഥ എന്തെന്ന് വിവരിക്കുക ?

6. ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. *5×3=15*

(i) മാധ്യമഭാഷയുടെ വാർപ്പുമാതൃകകൾ തകർന്നു പോയതെപ്പോൾ ?

(ii) ഛായാപടങ്ങൾ സൂക്ഷിക്കുന്ന മുറികളിലെ വെട്ടത്തിന് ഏതാണ്ട് ഒരേ സ്വഭാവമാണ് എന്ന് ദിവാകരന് തോന്നിയത് എന്തിന്റെ സൂചനയാണ് ?

(iii) "സത്യത്തിൽ ഈ ചെറുപ്പക്കാരനെ കൊലയ്ക്കു കൊടുത്തത് ഈ ഭയങ്കരനാണ് " – ഈ പരാമർശത്തിലെ സാമൂഹ്യവിമർശനതലം പരിശോധിക്കുക ?

(iv) ആധുനികകാലത്ത് മാധ്യമസൃഷ്ടിയെന്നു പറഞ്ഞ് രക്ഷപ്പെടാവുന്ന അവസരങ്ങൾ നഷ്ടപ്പെടാൻ ഇടയായ സാഹചര്യമെന്ത് ?

(v) ഗൗളികളുടെ വീക്ഷണകോണിലൂടെയുള്ള ആഖ്യാനരീതി കൊണ്ട് കഥയ്ക്ക് നൽകുന്ന സവിശേഷതകൾ എന്തെല്ലാമെന്ന് വിവരിക്കുക ?

(vi) 'ഫോട്ടോ' എന്ന വസ്തു വിവിധ മാനങ്ങളിൽ 'അവകാശങ്ങളുടെ പ്രശ്ന'ത്തിൽ കടന്നു വരുന്നതിനെക്കുറിച്ച് എഴുതുക ?

## സി വിഭാഗം / SECTION C

7. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് 150 വാക്കുകളിൽ കുറയാതെ ഉത്തരമെഴുതുക. *1×5=5*

(a) ഒരു എഴുത്തുകാരനെ രൂപപ്പെടുത്തിയ കാലവും മനുഷ്യബന്ധങ്ങളുമെല്ലാം ഉടലോടെ ത്രസിച്ചുണരുന്ന അനുഭവ സാക്ഷ്യമായി 'അമ്മയ്ക്ക് ' എന്ന കൃതി മാറുന്നതെങ്ങനെ ?

**OR (അല്ലെങ്കിൽ)**

(b) അമ്മയുടെ കാൽക്കീഴിൽ ഇരിക്കുന്ന കുട്ടിയുടെ സ്ഥാനത്ത് എത്തിപ്പെടാൻ തോന്നിയ എം.ടി. യുടെ മനോവിചാരങ്ങൾ വിവരിക്കുക ?

8. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. *1×5=5*

(a) വിദേശത്തേയ്ക്ക് കണ്ണുംനട്ടിരിക്കുന്ന മലയാളിയുവത്വം.

**OR (അല്ലെങ്കിൽ)**

(b) താളംതെറ്റുന്ന കാലാവസ്ഥയിൽ ദുസ്സഹമാകുന്ന ജനജീവിതം.

9. 'മാറുന്ന ജീവിത ശൈലിയും ആരോഗ്യവും' എന്ന വിഷയത്തെക്കുറിച്ച് ലേഖനം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രത്തിലേയ്ക്ക് കത്ത് തയ്യാറാക്കുക. *1×5=5*